**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 236** **23-08-2022 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ മാനസികാരോഗ്യ ആശുപത്രി ജീവനക്കാരനായ ശ്രീ ജോസഫ് സണ്ണിയുടെ അവധി അപേക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ മാനസികാരോഗ്യ ആശുപത്രിയിലെ ഒക്കുപേഷണൽ തെറാപ്പിസ്റ്റായ ശ്രീ. ജോസഫ് സണ്ണി 27/01/2022 ൽ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ച ശൂന്യവേതന അവധി സംബന്ധിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ; | (എ) | തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിലെ ഒക്ക്യൂപ്പേഷണൽ തെറാപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ ജോസഫ് സണ്ണി ഇന്ത്യയ്ക്കുള്ളിൽ ജോലി ചെയ്യുന്നതിനായി 5 വർഷത്തേയ്ക്ക് ശൂന്യവേതന അവധി അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചിരുന്നു. തൃശ്ശൂർ ജില്ലയിൽ ഒരു ഒക്ക്യൂപ്പേഷണൽ തെറാപ്പിസ്റ്റ് തസ്തികയാണ് നിലവിലുള്ളത്. ടിയാൻ നിലവിൽ ചെയ്തുവരുന്ന ജോലികൾ കൈകാര്യം ചെയ്യുന്നതിന് ബദൽ സംവിധാനം ഏർപ്പെടുത്തിയാൽ മാത്രമേ ശൂന്യവേതനാവധി അനുവദിക്കാൻ പാടുള്ളു എന്ന് സ്ഥാപനമേധാവി നിർദ്ദേശിച്ചിരുന്നു. ഒക്ക്യൂപ്പേഷണൽ തെറാപ്പിസ്റ്റ് തസ്തികയിൽ പി.എസ്.സി ലിസ്റ്റ് നിലവിൽ ഇല്ലാത്തതിനാൽ പകരം പി.എസ്.സി മുഖേന നിയമനം നൽകികൊണ്ട് ഒഴിവുകൾ നികത്താൻ സാധിക്കുകയില്ല. എംപ്ലോയ്മെന്റ് മുഖാന്തിരം നിയമനം നൽകുന്നതിനായി അന്വേഷിച്ചപ്പോൾ നിലവിൽ 4 ഉദ്യോഗാർഥികൾ യോഗ്യത വിവരങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എന്നാൽ ജീവനക്കാരൻ ശൂന്യവേതന അവധിയിൽ പ്രവേശിച്ച ഒഴിവ് നിലവിൽ വന്നാൽ മാത്രമേ ഉദ്യോഗാർഥിയുടെ വിശദവിവരങ്ങൾ നിർദിഷ്ട പെർഫോർമയിൽ രേഖപ്പെടുത്തി ലഭ്യമാകുകയുള്ളു. ആയത് എംപ്ലോയ്മെന്റ് മുഖാന്തിരം നിയമനം നടത്തുന്നതിന് തടസമായി നിൽക്കുന്നു.<br><br>നിലവിലെ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിലെ ഒക്ക്യുപ്പേഷണൽ തെറാപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ ജോസഫ് സണ്ണിക്ക് ശൂന്യവേതനാവധി അനുവദിക്കാൻ കഴിയുന്നതല്ല |

| | | | |
|---|---|---|---|
| | | | എന്ന വിവരം ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസറിനെ അറിയിച്ചിട്ടുണ്ട്. |
| (ബി) | ശ്രീ. ജോസഫ് സണ്ണിയുടെ അവധി അപേക്ഷ തീർപ്പാക്കുന്നതിനുള്ള ഭരണപരവും സാങ്കേതികവുമായ തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിലെ ഒക്യൂപ്പേഷണൽ തെറാപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ ജോസഫ് സണ്ണി ഇന്ത്യയ്ക്കുള്ളിൽ ജോലി ചെയ്യുന്നതിനായി 5 വർഷത്തേയ്ക്ക് ശൂന്യവേതന അവധി അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചിരുന്നു. തൃശ്ശൂർ ജില്ലയിൽ ഒരു ഒക്യൂപ്പേഷണൽ തെറാപ്പിസ്റ്റ് തസ്തികയാണ് നിലവിലുള്ളത്. ടിയാൻ നിലവിൽ ചെയ്തുവരുന്ന ജോലികൾ കൈകാര്യം ചെയ്യുന്നതിന് ബദൽ സംവിധാനം ഏർപ്പെടുത്തിയാൽ മാത്രമേ ശൂന്യവേതനാവധി അനുവദിക്കാൻ പാടുള്ളൂ എന്ന് സ്ഥാപനമേധാവി നിർദ്ദേശിച്ചിരുന്നു. ഒക്യൂപ്പേഷണൽ തെറാപ്പിസ്റ്റ് തസ്തികയിൽ പി.എസ്.സി ലിസ്റ്റ് നിലവിൽ ഇല്ലാത്തതിനാൽ പകരം പി.എസ്.സി മുഖേന നിയമനം നൽകികൊണ്ട് ഒഴിവുകൾ നികത്താൻ സാധിക്കുകയില്ല. എംപ്ലോയ്മെന്റ് മുഖാന്തിരം നിയമനം നൽകുന്നതിനായി അന്വേഷിച്ചപ്പോൾ നിലവിൽ 4 ഉദ്യോഗാർഥികൾ യോഗ്യത വിവരങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എന്നാൽ ജീവനക്കാരൻ ശൂന്യവേതന അവധിയിൽ പ്രവേശിച്ച ഒഴിവ് നിലവിൽ വന്നാൽ മാത്രമേ ഉദ്യോഗാർഥിയുടെ വിശദവിവരങ്ങൾ നിർദിഷ്ട്ട പെർഫോർമയിൽ രേഖപ്പെടുത്തി ലഭ്യമാകുകയുള്ളൂ. ആയത് എംപ്ലോയ്മെന്റ് മുഖാന്തിരം നിയമനം നടത്തുന്നതിന് തടസമായി നിൽക്കുന്നു.<br><br>നിലവിലെ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിലെ ഒക്യൂപ്പേഷണൽ തെറാപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ ജോസഫ് സണ്ണിക്ക് ശൂന്യവേതനാവധി അനുവദിക്കാൻ കഴിയുന്നതല്ല എന്ന വിവരം ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസറിനെ അറിയിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് ഒക്കുപേഷണൽ തെറാപ്പിസ്റ്റുകളുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; ആയത്പി.എസ്സ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (സി) | നിലവിൽ 2 ഒഴിവുകൾ, ടി ഒഴിവുകൾ പി എസ് സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് . |
| (ഡി) | ഈ തസ്തികയിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | (ഡി) | ഒക്യൂപ്പേഷണൽ തെറാപ്പിസ്റ്റ് തസ്തികയിൽ നിലവിലെ ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുകയും , പി.എസ്.സി യിൽ നിന്നും "No Candidate Availability Certificate" ലഭ്യമായതിനെ തുടർന്ന് എംപ്ലോയ്മെന്റ് |

| | | | |
|---|---|---|---|
| | | | എക്സ്ചേഞ്ചിൽ ഒഴിവ് വിവരങ്ങൾ അറിയിച്ചിരുന്നു. നിലവിൽ ഒരു ഉദ്യോഗാർത്ഥിയുടെ വിവരം ലഭ്യമായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നിയമന നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ